# കപ്പക്കിഴങ്ങേ...

മനോജ് കാട്ടാമ്പള്ളി

രണ്ടുപേർക്കുമാത്രം
കഴിക്കാനുള്ള കപ്പയുണ്ട്
എന്ന വാക്കിനെ ഒപ്പമിരുത്തി
നിന്റെ വീട്ടിലേക്ക്
നടക്കുകയാണ് ഞാൻ.

രണ്ടുപേർക്കുള്ളത്
ഒരാൾക്ക് തന്നെ കഴിക്കാമല്ലോ
ഒരാൾക്ക് കഴിക്കാനുള്ളത്
വേണമെങ്കിൽ
ഒമ്പതാളുകൾക്ക് കഴിക്കാമല്ലോ
എന്ന യുക്തിയെ തല്ക്കാലത്തേക്ക്
പുറത്തിരുത്തുകയാണ്

മരച്ചീനിതോട്ടങ്ങൾക്കിടയിൽ
ഒറ്റയ്ക്ക് പറക്കുന്ന
ഒരു കാക്കയെ
തെറ്റാടികൊണ്ട് വീഴ്ത്തിയ
കുരുത്തംകെട്ട ഏതോ ഒരു പയ്യൻ
പിന്നിലേക്ക് ഒഴിഞ്ഞുമാറുന്നു

ഇക്കാലത്ത്
ഒളിഞ്ഞുനിന്ന്
ഇരയെ കീഴടക്കുന്നതിലാണ്
ആണത്തമെന്ന്
ആരെങ്കിലും
എഴുതിയേക്കും.

ഒളിഞ്ഞിരുന്നോ
തെളിഞ്ഞിരുന്നോ
എങ്ങനെ ആക്രമിക്കണം
എന്നതൊക്കെ
വേട്ടക്കാർ ചിന്തിക്കട്ടെ എന്ന്
വാശിയോടെ കപ്പ തിന്നാൻ
പോകുന്ന ഞാൻ പറഞ്ഞേക്കും
കപ്പയിൽ നീയിട്ടുവെച്ച
മീനിലുള്ള മുള്ള് ഇന്ന്
എന്റെ തൊണ്ടയിൽത്തറയ്ക്കും
നിന്നെക്കുറിച്ച് പാടുന്ന

ഏത് പാട്ടിനെയും
സങ്കടമുള്ളതാക്കും
ആ കാണാമുള്ളുകൾ.

വിഷംപുരട്ടിവെച്ച കപ്പയിൽ
ആർത്തിയോടെ കടിച്ച
എലിയുടെ വിശപ്പാണ്
നിന്നോടുള്ള പ്രണയമെന്ന്
എങ്ങനെ പുതുമയോടെ എഴുതും

ഒരു
ഇരുണ്ട വൈകുന്നേരത്ത്
എലിയുടെ പിറകെ
പൂച്ചയെപ്പോലെ
ഒരാൾ നിന്നെ പിന്തുടരുന്ന ദൃശ്യവും
അങ്ങനെ തന്നെയാണ്

ഒരു മേശയ്ക്കിരുപുറമിരുന്ന്
കപ്പ കഴിക്കുമ്പോൾ
നിന്റെ കണ്ണിൽ നിന്നുപാറിയ
പൂമ്പാറ്റയെ,
വഴിയിലൊറ്റപ്പെടുമ്പോൾ
ആരോ പിടിച്ചുകൊന്ന
പൂമ്പാറ്റയുടെ
ചിത്രത്തോട് ചേർത്തുവെയ്ക്കുകയാണ്

എല്ലാ മനുഷ്യരിലുമുണ്ട്
കഴിക്കാതെ ബാക്കിയായ
കപ്പയുടെ ഇരുമ്പുപ്ലെയിറ്റ്.
ആഗ്രഹത്തിന്റെ മീൻമുള്ളുകൾ
നിവർന്നുനിന്ന്
ജീവിതത്തിനു നേരെ
വേദനയുടെ കാലുയർത്തുന്ന
നിശ്ചലമായ മാംസാഹാരം!



2